ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) ഇവരുടെ സീനിയോറിറ്റി, ഗ്രേഡ്, പ്രൊമോഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ക്രമീകരണം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) പഞ്ചായത്ത് സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ നിലവിൽ സർക്കാർ ഖജനാവിൽ നിന്നായതിനാൽ അധിക സാമ്പത്തിക ബാധ്യത വരുന്നില്ല.

പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ

9 (3755) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളാക്കി ഉയർത്തി ; ജില്ല തിരിച്ച് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ എത്ര വി.എച്ച്.എസ്.ഇ. സ്കൂളുകൾ അനുവദിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ എത്ര സ്കൂളുകളിൽ എത്ര അധിക ബാച്ചുകൾ അനുവദിച്ചു ; ആയതുവഴി എത്ര സീറ്റുകൾ പ്ലസ് ടു പഠനത്തിന് അധികമായി ലഭ്യമാക്കി ; വിശദമാക്കുമോ ;

(ഡി) പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ, അധിക ബാച്ചുകൾ എന്നിവ അനുവദിച്ചതിലൂടെ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 സ്കൂളുകൾ

കാസർഗോഡ് - 4

കണ്ണൂർ - 10

വയനാട് - 6

കോഴിക്കോട് - 7

പാലക്കാട് - 4

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 14

കാസർഗോഡ് - 6

കണ്ണൂർ - 3

വയനാട് - 3

മലപ്പുറം - 1

പാലക്കാട് - 1

(സി) 294 പ്ലസ് ടു അധിക ബാച്ചുകൾ അനുവദിച്ചതിലൂടെ 14700 പുതിയ സീറ്റുകൾ ഉണ്ടായി. മലബാർ മേഖലയിലെ നിലവിലുള്ള 34 ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളുകളിലായി ആകെ 72 (എഴുപത്തിരണ്ട്) അധിക വി.എച്ച്.എസ്. കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ആയതുവഴി 1944 സീറ്റുകൾ വി.എച്ച്.എസ്.ഇ. പഠനത്തിന് അധികമായി ലഭ്യമായി.

(ഡി) ആകെ 2066 തസ്തികകൾ സൃഷ്ടിച്ചു, ആയതിൽ 76 അനദ്ധ്യാപക തസ്തികകളും 1990 അദ്ധ്യാപക തസ്തികകളും ഉൾപ്പെടും.

പാറശ്ശാല മണ്ഡലത്തിലെ തുടർവിദ്യാഭ്യാസ കേന്ദ്രം

10 (3756) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ കീഴിൽ ഒരു പുതിയ സെന്റർ പാറശ്ശാല മണ്ഡലത്തിൽ ആരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ അത് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ മോഡൽ സ്കൂളാക്കാൻ നടപടി

11 (3757) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ മോഡൽ സ്കൂളാക്കി ഉയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly